# അഹിംസാ സമരമായതുകൊണ്ട് മൂർച്ചകുറയ്ക്കണമെന്നില്ല

**പി.എ. അശോകൻ**
(പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

**1.** കോർപ്പറേറ്റ് ഭീമൻ കൊക്കക്കോളയുടെ സ്വാധീനം കൊണ്ട് തന്നെയാണ് എല്ലാവിധ അന്വേഷണങ്ങൾക്ക് ശേഷവും പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ രാഷ്ട്രപതിയുടെ മുന്നിലെത്താത്തതും യാഥാർത്ഥ്യമാകാത്തതും. കോളയുടെ സ്വാധീനങ്ങളെയെല്ലാം മറികടക്കാൻ കഴിയുന്ന ജനകീയ സമരത്തിലൂടെ മാത്രമെ ഈ പ്രതിസന്ധി മറികടക്കാൻ കഴിയൂ.

**2.** എല്ലാ കാലത്തും സമരം ഒരുപോലെ തുടരാനാകില്ല. ഫാക്ടറി അടച്ചുപൂട്ടിയതോടെ സമരം അവസാനിച്ചതായാണ് മിക്ക രാഷ്ട്രീയ പാർട്ടികളും പൊതുസമൂഹവും കരുതുന്നത്. പൊതുസമൂഹത്തിന്റെ പിന്തുണയുടെ കുറവുതന്നെയാണ് ഇപ്പോൾ സമരം ദുർബലമാകാനുള്ള കാരണം. സമരം ശക്തമായിരിക്കുമ്പോൾ മാത്രമാണ് അതിന് അനുകൂലമായ പല പ്രതിരോധങ്ങളും ഉയർന്നുവരുന്നത്. സമരം ദുർബലമാകുമ്പോൾ സ്വാഭാവികമായും ശത്രു അവരുടെ സ്വാധീനവും ശക്തിയും വീണ്ടെടുക്കും. നികുതി ഇളവ് അനുവദിച്ച സർക്കാർ തീരുമാനം പ്ലാച്ചിമട സമരത്തെ എത്ര നിസാരമായാണ് ഭരണകൂടം കാണുന്നത് എന്നതിന് തെളിവാണ്. മാത്രമല്ല, ട്രിബ്യൂണൽ ബിൽ കേരളത്തിലെ ഭരണാധികാരികൾ മനഃപൂർവ്വം നടപ്പിലാക്കാതിരിക്കുകയാണ് എന്നും ഇതിൽ നിന്നും വ്യക്തമാകുന്നു.

**3.** തദ്ദേശീയ ജനതയുടെ പങ്കാളിത്തം കുറഞ്ഞുപോയിട്ടുണ്ടെന്നതിൽ സംശയമില്ല. വളരെ പിന്നോക്കാവസ്ഥയിലുള്ള ഒരു ജനവിഭാഗത്തിന് നിരന്തരമായ സമരം സ്വാഭാവികമായും മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ വരും. ഐക്യദാർഢ്യ സമിതി കൂടുതൽ വിപുലീകരിക്കുകയും അതിലൂടെയുള്ള വൻപിന്തുണ പ്ലാച്ചിമട നിവാസികളെ ബോധ്യപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ എല്ലാ സാഹചര്യങ്ങളേയും മറികടന്ന് സമരം തുടരാൻ പ്ലാച്ചിമട നിവാസികൾ തയ്യാറാകുമെന്ന് കരുതുന്നു.

**4.** അടിസ്ഥാന വിഭവമായ ജലത്തിന് മേലുള്ള തദ്ദേശീയരുടെ അവകാശം ഉറപ്പിക്കുന്നതിനും തങ്ങളുടെ ചുറ്റുപാടുകളുടെ ആരോഗ്യകരമായ നിലനിൽപ്പിനുമായുള്ള പ്ലാച്ചിമട നിവാസികളുടെ പോരാട്ടം കേരളത്തിലെ വേറെ ഏത് ജനവിഭാഗത്തേക്കാളും പ്ലാച്ചിമട ജനതയെ ശാക്തീകരിച്ചിട്ടുണ്ടെന്ന് തന്നെയാണ് കരുതേണ്ടത്. പ്ലാച്ചിമട കൊക്കക്കോളയുടെ ഭൂമിയിൽ ഇനി ഒരു തരത്തിലുള്ള ഫാക്ടറിയും തുടങ്ങാൻ തദ്ദേശീയർ അനുവദിക്കില്ലെന്നത് ഇതിന് ഉദാഹരണമായി കാണാവുന്നതാണ്.

**5.** സഹനസമരത്തിന്റെ 11 വർഷത്തെ അനുഭവ പശ്ചാത്തലത്തിൽ പ്ലാച്ചിമട നിവാസികൾക്ക് ഒരു അന്തിമഘട്ട സമരത്തിലൂടെ സമരം തുടങ്ങിവച്ച ആവശ്യങ്ങൾ നേടാനാകുമെന്ന് തന്നെയാണ് കരുതുന്നത്. അഹിംസാ മാർഗ്ഗമാണ് സ്വീകരിക്കുന്നത് എന്നതുകൊണ്ട് സമരത്തിന്റെ ആർജ്ജവവും മൂർച്ചയും കുറയുകയില്ലെന്ന് തന്നെ ആഗ്രഹിക്കാം.

**6.** നീണ്ടകാലമായി സമരം തുടരുന്നതുകൊണ്ട് അനിശ്ചിതത്വം ഉണ്ടാകാം. അതിനെ മറികടക്കണമെങ്കിൽ സമര നേതൃത്വം കൃത്യമായ സമരപരിപാടികളിലൂടെ, തദ്ദേശീയരുടെ പരിമിതികളിൽ ഉറച്ചുനിന്നുകൊണ്ട് അവരെ നയിക്കാൻ തയ്യാറായാൽ പൊതുസമൂഹവും ഉറപ്പായും പിന്തുണയ്ക്കും.

**7.** പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ പാസാക്കിയ സാമാജികരുടെ രാഷ്ട്രീയപാർട്ടികളുടെ ഇപ്പോഴത്തെ മൗനം സംശയിക്കേണ്ടിയിരിക്കുന്നു. ഇവരുടെ മൗനത്തെ തുറന്നുകാണിക്കുന്നതിനും ഈ വിഷയത്തിൽ അവരുടെ നിലപാട് വ്യക്തമാക്കുന്നതിനും വേണ്ട സമ്മർദ്ദം ചെലുത്താൻ സമരത്തിന് ഇപ്പോഴായിട്ടില്ല. നിലനിൽപ്പിന് ആധാരമായ കുടിവെള്ളത്തിന്റെ കച്ചവടവത്കരണത്തിനും സ്വകാര്യവത്കരണത്തിനും എതിരെ, ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റിനെതിരെ നടത്തിയ ഈ സമരത്തെ അതിന്റെ വിജയത്തിലെത്തിക്കാൻ വേണ്ട പിന്തുണ കേരള പൊതുസമൂഹം പിന്നീട് കൊടുത്തിട്ടില്ല എന്നതും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

**8.** പുതിയ കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനെക്കുറിച്ച് അറിയുക പോലുമില്ലെന്നാണ് പഞ്ഞത്. കോളയുടെ ഇടപെടലുകൾ എത്രത്തോളമുണ്ടെന്ന് തന്നെയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. കോള ഉത്പന്നങ്ങളുടെ ബഹിഷ്കരണം മുതൽ

